62

# “ദൈവമേ, എന്നോട് കരുണയുണ്ടാകേണമേ!”

## ലൂക്കോസ് 18:9-14, ഒരടുത്ത നോട്ടം

ഒരു ബൈബിൾ സ്കൂൾ അദ്ധ്യാപിക തന്റെ ചെറിയ വിദ്യാർത്ഥികൾക്ക് ചുങ്കക്കാരന്റേയും പരീശന്റേയും ഉപമ വായിച്ചു കൊടുത്തു:[1]

> തങ്ങൾ നീതിമാന്മാർ എന്നു ഉറെച്ചു മറ്റുള്ളവരെ ധിക്കരിക്കുന്ന ചിലരെക്കുറിച്ചു അവൻ [യേശു] ഒരു ഉപമ പറഞ്ഞതെന്തെന്നാൽ: “രണ്ടു മനുഷ്യർ പ്രാർത്ഥിപ്പാൻ ദൈവാലയത്തിൽ പോയി; ഒരുത്തൻ പരീശൻ, മറ്റവൻ ചുങ്കക്കാരൻ. പരീശൻ നിന്നുകൊണ്ടു തന്നോടുതന്നേ: ‘ദൈവമേ, പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ മുതലായ ശേഷം മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനെപ്പോലെയോ ഞാൻ അല്ലായ്കയാൽ നിന്നെ വാഴ്ത്തുന്നു. ആഴ്ചയിൽ രണ്ടുവട്ടം ഉപവസിക്കുന്നു; നേടുന്നതിൽ ഒക്കെയും പതാരം കൊടുത്തുവരുന്നു’ എന്നിങ്ങനെ പ്രാർത്ഥിച്ചു. ചുങ്കക്കാരനോ ദൂരത്തു നിന്നുകൊണ്ട് സ്വർഗ്ഗത്തേക്കുനോക്കുവാൻ പോലും തുനിയാതെ മാറത്തടിച്ചു: ‘ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകേണമേ!’ എന്നുപറഞ്ഞു. അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി; മറ്റവൻ അങ്ങനെയല്ല. തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും എന്നു ഞാൻ നിങ്ങളോട് പറയുന്നു” (ലൂക്കോസ് 18:9–14).

പരീശന്റെ നിഗളം ഉപേക്ഷിക്കുവാനും ചുങ്കക്കാരന്റെ താഴ്മ വളർത്തുവാനുമാണ് അദ്ധ്യാപിക അതിനെ വിശദീകരിച്ചുകൊടുത്തത്. അവൾ പറഞ്ഞവസാനിപ്പിച്ചപ്പോൾ അവൾ ക്ലാസിനെ പ്രാർത്ഥനയിൽ നയിച്ചു: “കർത്താവേ, ഞങ്ങൾ ആ പരീശനെപ്പോലെ അല്ലായ്കയാൽ നിനക്ക് നന്ദി പറയുന്നു....” ഒരാൾ ശരിയായത് ചെയ്യുവാൻ ശ്രമിക്കുമ്പോഴെല്ലാം, അതേ പരീശന്റെ തെറ്റ് ആവർത്തിക്കുവാൻ സാദ്ധ്യതയുണ്ട്.

ബാല്യം മുതൽ നമ്മിൽ പലരും പരീശന്റേയും ചുങ്കക്കാരന്റേയും ഉപമ കേട്ടിട്ടുണ്ട് എങ്കിലും, ഇപ്പോഴും ആ സത്യം നമ്മെ ഓർപ്പിക്കേണ്ടതായിട്ടുണ്ട്. ആ സംഭവത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഒന്നോ രണ്ടോ പാഠങ്ങൾ നാം അറിയാതെ പോയേക്കാം. ലൂക്കോസ് 18:9–14 നാം പഠിക്കുമ്പോൾ, വെല്ലുവിളി സ്വീകരിപ്പാൻ ഒരുങ്ങുക.

### രണ്ട് വ്യക്തിത്വങ്ങൾ

യേശുവിന്റെ ഉപമകളുടെ ഉദ്ദേശം എല്ലായിപ്പോഴും വ്യക്തമായിരുന്നില്ല, എന്നാൽ ഈ സമയത്ത്, വേദ ഭാഗത്തിൽ തന്നെ അതു പറയുന്നുണ്ട്: “തങ്ങൾ ... നീതിമാന്മാരെന്ന് ഉറച്ച് മറ്റുള്ളവരെ ധിക്കരിക്കുന്ന ചിലരെക്കു

റിച്ച്, അവൻ ഒരു ഉപമ പറഞ്ഞു" (വാക്യം. 9). അവസാനം അവൻ ആ കഥ ചുരുക്കുമ്പോഴും ആ ഉപദേശം ക്രിസ്തു ഊന്നിപറഞ്ഞിരിക്കുന്നു: "തന്നെത്താൻ ഉയർത്തുന്നവനെല്ലാം താഴ്ത്തപ്പെടും, തന്നെത്താൻ താഴ്ത്തുന്നവനെല്ലാം ഉയർത്തപ്പെടും" (വാ. 14).[2]

തന്നെത്താൻ ഉയർത്തുന്നവന് ഉദാഹരണമായിട്ടാണ് യേശു പരീശനെ ഉപയോഗിച്ചത്. താഴ്മയുടെ ഉദാഹരണത്തിന് അവൻ ഒരു ചുങ്കക്കാരനെ ഉപയോഗിച്ചു. അവരെ രണ്ടുപേരേയും എടുക്കുവാനുള്ള കാരണം ഒരു പക്ഷെ അവർ യഹൂദ സമൂഹത്തിന്റെ അങ്ങേയറ്റത്തെ പ്രതിനിധീകരിച്ചത് കൊണ്ടാവാം: മതപരവും ധാർമികവും ആയ സാമൂഹിക കോണിയുടെ മുകളിലായിരുന്നു പരീശൻ, എന്നാൽ ചുങ്കക്കാരനോ അതിന്റെ അടിയിലായിരുന്നു.[3] ആ ഉപമയുടെ ഫലമധികവും ലഭ്യമാക്കുവാൻ, ആ രണ്ടുപേരേയും കുറിച്ച് നാം ചിലത് അറിയണം.

**വ്യക്തിത്വം. 1: പരീശൻ**

നമുക്ക് ആരംഭത്തിൽ നിന്ന് തുടങ്ങാം. ആ ഉപമയിലെ ആദ്യ വാക്കുകൾ, "രണ്ടു മനുഷ്യർ പ്രാർത്ഥിപ്പാൻ ദേവാലയത്തിൽ പോയി എന്നാണ്" (വാ. 10). ദൈവാലയം "ഒരു പ്രാർത്ഥനാലയം" ആയിരിക്കണമെന്നാണ് ദൈവം ആഗ്രഹിച്ചത് (ലൂക്കൊസ് 19:46).[4] ചുരുങ്ങിയത് യഹൂദ പുരുഷന്മാരും സ്ത്രീകളും ദിവസത്തിൽ മൂന്നു പ്രാവശ്യമെങ്കിലും പ്രാർത്ഥിപ്പാൻ ദൈവാലയത്തിൽ കൂടിവന്നിരുന്നു.[5] അതിൽ രണ്ടു പ്രാവശ്യമായിരുന്നു അവർ യാഗങ്ങൾ അർപ്പിച്ചിരുന്നത്. പുരുഷന്മാരും സ്ത്രീകളും പ്രാർത്ഥിപ്പാൻ കൂടിവന്നിരുന്നത് സ്ത്രീകളുടെ പ്രാകാരത്തിലായിരുന്നു: എന്നാൽ പുരുഷന്മാർക്ക്, വേണമെങ്കിൽ ദഹനയാഗം അർപ്പിക്കുന്ന യാഗപീഠത്തിനരികിലുള്ള യിസ്രായേലിന്റെ പ്രാകാരത്തിലേക്ക് പോകാമായിരുന്നു.[6] "രണ്ടു മനുഷ്യർ ദൈവാലയത്തിൽ പ്രാർത്ഥിപ്പാൻ പോയി," എന്ന് കേൾക്കുമ്പോൾ അതിശയിക്കുവാൻ ഒന്നുമില്ല.

ആ രണ്ടുപേരിൽ ഒരാൾ "ഒരു പരീശൻ" ആയിരുന്നു (വാ. 10) വീണ്ടും, ഒരു പരീശൻ ദൈവാലയത്തിൽ പ്രാർത്ഥിപ്പാൻ പോയതിൽ അതിശയിപ്പാൻ ഒന്നുമില്ല. മതപരമായ ചടങ്ങുകളിൽ അതീവ ശ്രദ്ധചെലുത്തുന്നവരായിരുന്നു പരീശന്മാർ.[7]

സുവിശേഷ വിവരണങ്ങൾ അറിയാവുന്നവർക്ക് പരീശന്മാർ എന്ന് കേൾക്കുമ്പോൾ തന്നെ അവരുടെ മുഖ്യസ്വഭാവങ്ങൾ എന്തെന്ന് അറിയുവാൻ കഴിയും.[8] എങ്ങനെയായാലും, ഈ ഉപമയെ മുഴുവൻ അഭിനന്ദിക്കുവാൻ, യഹൂദന്മാർ പരീശന്മാരെ കണ്ടിരുന്നത് നന്മയുടേയും, മാന്യതയുടേയും, ആദരവിന്റേയും സൂക്ഷിപ്പുകാരായിട്ടാണെന്ന് നാം മനസിലാക്കണം. അവർ ദൈവത്തെ സേവിക്കുന്നതിലും അവരുടെ "വിശുദ്ധമായ സമ്പ്രദായങ്ങളേയും," ഗൗരവമായിട്ടാണ് കണ്ടിരുന്നത്. പുരാതന വഴികളെ സ്വീകരിക്കാത്ത ലോകത്ത് കഴിഞ്ഞ കാലത്ത് അനുവർത്തിച്ചു വന്നതുപോലെ, പരീശന്മാർ അതിനെ മുറുകെപ്പിടിച്ചു.

വാക്യങ്ങൾ 11ലും 12ലും പരീശൻ നടത്തിയ സ്വയം-വിലമതിക്കൽ സംശയിക്കേണ്ട കാരണമൊന്നും കാണുന്നില്ല. അതു ശരിയാണെന്ന് വിചാരിച്ചാൽ, അവന് ഉയർന്ന ധാർമിക മൂല്യങ്ങൾ ഉണ്ടായിരുന്നു: അവൻ കപടഭക്തിപ്പിക്കുന്നവനായിരുന്നില്ല; അവൻ തന്റെ വ്യാപാര ഇടപാടുകളിൽ നേരുള്ളവ

നായിരുന്നു. അവൻ അനീതിയുള്ളവൻ ആയിരുന്നില്ല; അവൻ മറ്റുള്ളവരോട് നന്നായി പെരുമാറിയിരുന്നു.[9] അവൻ ഒരു വ്യഭിചാരി ആയിരുന്നില്ല; അവൻ തന്റെ വിവാഹ ഉടമ്പടികളിൽ വിശ്വസ്തനായിരുന്നു. കൂടാതെ ദൈവത്തിന്റെ ന്യായപ്രമാണം പ്രമാണിക്കണമെന്ന് അവൻ വിശ്വസിച്ചിരുന്നു. വാസ്തവത്തിൽ, ന്യയപ്രമാണം ആവശ്യപ്പെടുന്നതിലുപരി ചെയ്യുവാൻ അവൻ ശ്രമിച്ചിരുന്നു:[10] വർഷത്തിൽ ഒരു ദിവസത്തിൽ ഉപവസിക്കുവാനായിരുന്നു ന്യയപ്രമാണം പറഞ്ഞിരുന്നത് – അത് പ്രായശ്ചിത്ത ദിവസം ആയിരുന്നു (ലേവ്യാപുസ്തകം 16:29, 30[11]); എന്നാൽ പരീശന്മാർ ഒരു വർഷത്തിൽ നൂറ്റിനാല് പ്രാവശ്യം ഉപവസിച്ചിരുന്നു (ഓരോ തിങ്കളാഴ്ചയും വ്യാഴാഴ്ചയും[12]; മത്തായി 6:16 നോക്കുക). വീണ്ടും, ന്യായപ്രമാണം കല്പിച്ചിരുന്നത് ധാന്യം, വീഞ്ഞ്, എണ്ണ, കന്നുകാലികൾ എന്നിവയുടെ ദശാംശം നൽകുവാനാണ് (പത്തു ശതമാനം) കൊടുക്കുവാനായിരുന്നു (ആവർത്തനപുസ്തകം 14:22, 23 നോക്കുക); എന്നാൽ പരീശന്മാർ അവരുടെ തോട്ടത്തിലെ ചെറിയ ചെടിയുടെ ഫലമടക്കം, *എല്ലാറ്റി*ന്റേയും പത്തിലൊന്ന് കൊടുത്തിരുന്നു (മത്തായി 23:23 നോക്കുക).

നിങ്ങളുടെ അയൽക്കാരനായി ഒരു പരീശൻ വരുന്നത് നിങ്ങൾ ഒരു പക്ഷെ ഇഷ്ടപ്പെട്ടേക്കാം. അവൻ ഉറച്ച ഒരു പൗരനും, നല്ല ബഹുമതിയുള്ളവനും കുടുംബം ഉള്ളവനും മതപരമായി ശക്തമായ തീർച്ചയുള്ളവനും ആയിരുന്നു. ദേവാലയത്തിൽ അയാളെ കാണുമ്പോൾ എന്താണ് ഇവിടെ എന്ന് അയാളോട് ചോദിച്ചാൽ, സംശയ രഹിതമായി അയാൾ പറയും, "പിന്നെ ഞാൻ എവിടെയാണ് പോകേണ്ടത്?" ഇന്ന്, അത്തരം ഒരു മനുഷ്യനെക്കുറിച്ചു പറയും, "വാതിൽ തുറന്നിരിക്കുമ്പോഴെല്ലാം അയാൾ അവിടെ ഉണ്ടാകും." വീണ്ടും പരീശൻ ദേവാലയത്തിൽ പ്രാർത്ഥിപ്പാൻ പോയതിൽ അതിശയിക്കുവാൻ ഒന്നുമില്ലാ എന്ന് പറയട്ടെ.

**വ്യക്തിത്വം 2: ചുങ്കക്കാരൻ**

മറുവശത്ത്, ഒരു ചുങ്കക്കാരൻ പ്രാർത്ഥിപ്പാൻ ദേവാലയത്തിൽ പോയി എന്ന് കേൾക്കുമ്പോൾ അത് നമ്മെ അമ്പരപ്പിക്കും, ദൈവാലയത്തിൽ നിങ്ങൾക്ക് പ്രതീക്ഷിക്കുവാൻ *കഴിയാത്ത* ഒരാൾ ഉണ്ടെങ്കിൽ അത് ചുങ്കക്കാരൻ ആയിരിക്കും.

ആ മനുഷ്യനെ കെജെവി വിളിച്ചിരിക്കുന്നത് "പബ്ലിക്കൻ," എന്നാണ്, കെജെവി വാക്കുകൾ പരിചയമില്ലാത്തവർക്ക് അതിന്റെ അർത്ഥം ചെറുതായി തോന്നിയേക്കാം.[13] ആധുനിക തർജ്ജിമക്കാർ അതിനു പകരം ഉപയോഗിച്ചിരിക്കുന്നത് "ചുങ്കം പിരിക്കുന്നവൻ," എന്നോ "ചുങ്കം ശേഖരിക്കുന്നവൻ" എന്നോ ആണ്. ഗവൺമെന്റ് അഴിമതിയും ഉദ്യോഗസ്ഥന്മാരുടെ കൈക്കൂലിയും ഈ ഇടപാടിൽ ഉണ്ട് എന്ന് ആ വാക്കുകൾ സൂചിപ്പിക്കുന്നു. അതേ സമയത്ത്, അമേരിക്കയിലുള്ള ആളുകൾ ഐആർഎസ്സ്[14] ഏജെന്റ് എന്ന് തെറ്റായി വ്യഖ്യനിക്കപ്പെടും. പബ്ലിക്കൻ/ചുങ്കം പിരിക്കുന്നവനെകുറിച്ച് ഒന്നോ അല്ലെങ്കിൽ രണ്ടോ വാക്ക് പറയുന്നതു ഉചിതമായിരിക്കും.

റോമിന് ചുങ്കം പിരിക്കുന്ന രീതി ആകാംഷ ഉണർത്തുന്നതായിരുന്നു. പോതുവായി പറഞ്ഞാൽ ഉദ്യോഗസ്ഥർ ഓരോ പ്രദേശത്തിന് ഓരോ സംഖ്യ നിശ്ചയിക്കുകയും ചുങ്കം പിരിക്കുവാനുള്ള അവകാശം ലേലം ചെയ്തു കൊടുക്കുകയുമായിരുന്നു പതിവ്. കരാറുകാരൻ നിശ്ചയിച്ച തുക റോമിനു

കൊടുത്തുകഴിഞ്ഞാൽ, ശേഷിക്കുന്നത് അയാൾക്ക് എടുക്കാമായിരുന്നു. വർത്തമാന പത്രം, റേഡിയോ, അല്ലെങ്കിൽ ടെലിവിഷൻ എന്നിവ വരുന്നതിനു മുമ്പ് വാർത്തകൾ പ്രചരിക്കുന്നത് എളുപ്പമല്ലാതിരുന്നതുകൊണ്ട് അവർഎത്ര കൊടുക്കേണ്ടിയിരുന്നു എന്ന് കുറച്ചുപേർക്ക് മാത്രമേ അറിവുണ്ടായിരുന്നുള്ളു. ചുങ്കക്കാരന് നല്ല ലാഭം എടുക്കുവാൻ കഴിയുമായിരുന്നു.[15]

ദുർവിനിയോഗത്തിനുള്ള തൽ–സമയ ഏർപ്പാടായിരുന്നു അത്. അത്യാഗ്രഹിയായ ഒരു ചുങ്കക്കാരന് നൂറുകണക്കിന് വഴിയിൽ ആളുകളെ വഞ്ചിക്കുവാൻ കഴിഞ്ഞിരുന്നു. "വസ്തു നികുതി ഉണ്ടായിരുന്നു.... തിരഞ്ഞെടുപ്പ് നികുതിയും. വ്യക്തിപരമായ കെട്ടിട നികുതിയും ഉണ്ടായിരുന്നു.... കയറ്റുമതിക്കും ഇറക്കുമതിക്കും ചുങ്കമുണ്ടായിരുന്നു, തുറമുഖങ്ങളിൽ, റോഡുകളിൽ, പാലങ്ങളിൽ, പട്ടണവാതിലുകളിലും മറ്റും നികുതി പിരിക്കുമായിരുന്നു."[16]

സ്വദേശക്കാരിൽ ഒരു പൗരൻ ചുങ്കക്കാരനായി തീരുമ്പോൾ, യെഹൂദന്മാർ അവനെ രാജ്യദ്രോഹിയായും,[17] ഒരു കള്ളനായും അത്രേ കണ്ടിരുന്നത്. ലൂക്കൊസ് 18 ലെ ചുങ്കക്കാരൻ തന്നെ സ്വയം വിലയിരുത്തിയത് "പാപി" ആയിട്ടായിരുന്നു (വാ.13), അവനോട് ആരും തർക്കിച്ചിരുന്നില്ല (ലൂക്കൊസ് 19:5–7 നോക്കുക). ചുങ്കക്കാരെ സമൂഹം നീചന്മാരായിട്ടാണ് കണക്കാക്കിയിരുന്നത്,[18] ഒരു നിയമമായി, ഇത്തരത്തിലുള്ള ഒരു വ്യക്തിയെ നിങ്ങളുടെ അടുത്ത് – ഉള്ള ഒരു അയൽക്കാരൻ ആകുവാൻ നിങ്ങൾ ആഗ്രഹിക്ക*യില്ല*. എങ്കിലും – അതിശയകരമായി, അതിശയകരമായി – ഒരു ചുങ്കക്കാരൻ ദൈവാലയത്തിൽ പ്രാർത്ഥിപ്പാൻ പോയി.

ആ മനുഷ്യൻ എന്തിനാണ് ദൈവാലയത്തിൽ പോയതെന്ന് നമുക്കറിയില്ല. അവൻ പതിവു പോലെ വന്നതല്ല എന്നു പറയുന്നതായിരിക്കും ശരി. അഭക്തിയോടെ ജീവിച്ചിരുന്നവർ ആരാധിക്കുന്നത് പതിവായിരുന്നില്ല; ശുശ്രൂഷകൾ അവർക്ക് അസൗകര്യമായിരുന്നു. എന്നാൽ, ഈ മനുഷ്യന്റെ പാപാവസ്ഥ അറിഞ്ഞ്, ദൈവത്തിന്റെ ആവശ്യകഥയെ അവൻ മനസിലാക്കി. ഒരു പക്ഷെ അവന് ആപത്ത് നേരിട്ടിരിക്കാം: ഒരു പക്ഷെ അവന്റെ ആരോഗ്യം നഷ്ടപ്പെടുകയോ, അല്ലെങ്കിൽ അവന്റെ പ്രിയപ്പെട്ട ആരെങ്കിലും മരിക്കുകയോ ചെയ്തപ്പോൾ പണം ഉണ്ടാക്കുന്നതല്ല ജീവിതമെന്ന് അവൻ തിരിച്ചറിഞ്ഞു. ഒരുപക്ഷെ ദീർഘവും, ഇരുണ്ടതും, മരവിച്ചതുമായ, നിദ്രയില്ലാത്ത രാത്രി അവൻ തന്റെ ജീവിതത്തെ പരിശോധിച്ച് കുറവ് കണ്ടെത്തിയിരിക്കാം. കാരണം എന്തായിലും, ആ സാമുഹ്യ പുറജാതിക്കാരൻ ദൈവാലയത്തിൽ പ്രാർത്ഥിപ്പാൻ പോയി.

### രണ്ട് പ്രാർത്ഥനകൾ

രംഗം നിങ്ങളുടെ മനസ്സിൽ കൊണ്ടുവരിക.

> (ആദ്യം, പരീശൻ) പ്രാർത്ഥനാസമയത്ത് വരുന്നു. യജമാനത്വ ഭാവത്തോടെയാണ് അയാൾ (ദേവാലയത്തിലേക്ക്) കടന്നു വരുന്നത്, എല്ലാ കണ്ണുകളും അയാളെ ശ്രദ്ധിക്കുന്നു. അയാൾ യിസ്രായേലിന്റെ പ്രാകാരത്തിലേക്ക് പ്രവേശിക്കയും ദഹനയാഗമർപ്പിക്കുന്ന യാഗപീഠത്തിനരികിൽ എത്തുകയും ചെയ്യുന്നു. അവൻ നിവർന്ന് നിൽക്കുന്നു, വിസ്തൃതമായ കാഴ്ച വസ്തുവായിട്ടുതന്നെ, ചുറ്റുമുള്ള മറ്റുള്ളവരെ നോക്കുകയും, സുപ

രിചിതമായ പദപ്രയോഗങ്ങൾ നടത്തുവാൻ (ഒരുങ്ങുകയും) ചെയ്യുന്നു.[19]

പിന്നെ ചുങ്കക്കാരൻ വരുന്നു, സുവ്യക്തമായ നോട്ടത്തോടെയാണ്, അവൻ പുരുഷാരത്തിൽ കൂടി കടന്ന് വരുമ്പോൾ ആളുകൾ അവനെ തള്ളി മാറ്റും. കണ്ണുകൾ അവനെ തുറിച്ച് നോക്കിക്കൊണ്ടിരിക്കുന്നു.[20] ആളുകളുടെ കുശുകുശുപ്പ് ഏതാണ്ട് എനിക്ക് കേൾക്കാം: "*ഇവന്* എന്താണ് ഇവിടെ കാര്യം." ആ മനുഷ്യൻ ഒരു ഒറ്റപ്പെട്ട സ്ഥലത്തേക്ക് നീങ്ങിനിന്നു അവന്റെ കണ്ണുകൾ താഴ്ത്തി പ്രാർത്ഥിപ്പാൻ തുടങ്ങുന്നു.

**പ്രാർത്ഥന 1: പരീശൻ**

ആ രംഗം മനസിൽ വെച്ചുകൊണ്ട്, നമുക്ക് യേശു പറഞ്ഞ ആദ്യത്തെ മനുഷ്യനെ പരിശോധിക്കാം: "പരീശൻ നിന്നു കൊണ്ട് ... തന്നോട് തന്നെ പ്രാർത്ഥിക്കുന്നു" (ലൂക്കൊസ് 18:11). അവൻ പ്രാർത്ഥിപ്പാൻ നിന്നതിൽ പ്രത്യേക പ്രാധാന്യമൊന്നുമില്ല; പൊതുവിലുള്ള രീതി അന്നും ഇന്നും ഇതു തന്നെയാണ് (1 രാജാക്കന്മാർ 8:22; മർക്കൊസ് 11:25). അവൻ നിന്നത് എല്ലാവരും കാണത്തക്കവണ്ണം ആയിരിക്കാം (മത്തായി 6:5 നോക്കുക).

എങ്ങനെയായാലും, അവൻ "തന്നോട് തന്നെ" പറഞ്ഞ വാക്കുകൾക്ക് പ്രത്യേകത ഉണ്ടായിരുന്നേക്കാം. അവൻ ശാന്തമായിട്ടാണ് പ്രാർത്ഥിച്ചതെന്ന് ആ വാക്കുകൾ അർത്ഥമാക്കുന്നു, എന്നാൽ അതു പരീശന്മാരെ സംബന്ധിച്ച് അസ്വാഭാവികമായിരുന്നു. അവർ തങ്ങളുടെ "പല വാക്കുകളും കേൾപ്പിക്കുവാൻ ആഗ്രഹിക്കുന്നു" (മത്തായി 6:7[21]). "തന്നോട് തന്നേ" എന്ന പദപ്രയോഗം (അല്ലെങ്കിൽ "തന്നിൽതന്നേ"; കെജെവി) സൂചിപ്പിക്കുന്നത് ഒരു പക്ഷെ സാധാരണ ദൈവ – ത്തിങ്കലേക്ക് ഉള്ളതായിരുന്നു എങ്കിലും അത്, വാസ്തവത്തിൽ സ്വയ – കേന്ദ്രീകൃതമായിരുന്നു.

ആ പ്രാർത്ഥന ആരംഭിച്ചത് ശരിയായിട്ടായിരുന്നു, "ദൈവമേ, ഞാൻ നിനക്ക് സ്തോത്രം ചെയ്യുന്നു" (ലൂക്കൊസ് 18:11) അത് ദൈവത്തെ അംഗീകരിക്കുന്നതും അവന് നന്ദി പ്രകടിപ്പിക്കുന്നതും ആയിരുന്നു, (മത്തായി 6:9; ഫിലിപിയർ 4:6). പരീശൻ അവിടെ നിർത്തിയിരുന്നു എങ്കിൽ, അവന് "നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്ക് പോകാമായിരുന്നു" (ലൂക്കൊസ് 18:14) – എന്നാൽ അവൻ പ്രാർത്ഥന തുടർന്നു.

"ഞാൻ മറ്റുള്ളവരെപ്പോലെ അല്ലായ്കയാൽ നിന്നെ വാഴ്ത്തുന്നു" (വാ. 11) അത് വാസ്തവമായിരുന്നു; അവന്റെ ജീവിത ശൈലി സാധാരണക്കാരിൽനിന്നും ശ്രേഷ്ടമായിരുന്നു. അത് ലോകത്തുള്ളവർ അറിയണമെന്ന് അവൻ ആഗ്രഹിച്ചു. തന്റെ മനസ്സിലുണ്ടായിരുന്ന ആളുകളേയും അവൻ വിവരിക്കുന്നു, "പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ" (വാ. 11). പിന്നെ അവൻ ചുറ്റും നോക്കി. ദൂരെ മാറിനിൽക്കുന്ന, ചുങ്കക്കാരനെ അവൻ കണ്ടു. അയാൾ ചുങ്കക്കാരനാണെന്ന് പരീശൻ എങ്ങനെ അറിഞ്ഞു എന്ന് എനിക്കറിയില്ല.ചുങ്കക്കാരൻ പ്രത്യേക വസ്ത്രം ധരിക്കുകയോ അല്ലെങ്കിൽ "ഞാൻ ഒരു ചുങ്കക്കാരൻ" എന്നു കാണിക്കുന്ന ബാഡ്ജ് ധരിക്കുകയോ ചെയ്തിരിക്കയില്ല. ഒരു പക്ഷേ ആ പരീശനിൽ നിന്ന് അടുത്ത സമയത്ത് അമിതമായ ചുങ്കം പിരിച്ചതുകൊണ്ടാകാം അവനെ[22] തിരിച്ചറിഞ്ഞത്. പരീശൻ ഒരു പക്ഷേ "ഞാൻ ഈ ചുങ്കക്കാരനെ പ്പോലെയുമല്ല" എന്ന് അടുത്തുനിന്ന ആളുകളോട് പറഞ്ഞിരിക്കാനും സാധ്യതയുണ്ട് (വാ. 11).

അവൻ അതേസ്ഥലത്ത് അടുത്തുനിൽക്കുന്ന സഹ പരീശന്മാരെ വിരൽ ചൂണ്ടിയില്ല, അല്ലെങ്കിൽ അടുത്ത ദൈവാലയത്തിൽ ജോലിചെയ്യുന്നവരേയും ചൂണ്ടിയില്ല, പിന്നേയോ "ദൂരെ മാറിനിന്ന ആ ചുങ്കക്കാരനെയാണ് ചൂണ്ടിയത് (വാ. 13). മനുഷ്യർ തങ്ങൾക്കുതന്നെ നല്ലവരായി കാണുവാനാഗ്രഹിക്കുമ്പോൾ അവർ നല്ലവരെയല്ല, മോശപ്പെട്ടവരെയാണ് താരതമ്യം ചെയ്യുന്നത്. ഗ്ലെൻ പെയ്സ് പറഞ്ഞു, "നിങ്ങൾ പ്രയാസത്തോടെ നോക്കിയാൽ താരതമ്യം ചെയ്യുവാൻ എപ്പോഴും ധാർമിക കുള്ളനെ നിങ്ങൾക്കു കിട്ടും."[23]

അവൻ *ചെയ്യാത്ത* കാര്യങ്ങളെക്കുറിച്ചു പറഞ്ഞശേഷം പരീശൻ *ചെയ്ത* കാര്യങ്ങളേയും പേരെടുത്തു പറഞ്ഞു: "ആഴ്ചയിൽ രണ്ടു വട്ടം ഉപവസിക്കുന്നു; നേടുന്നതിലൊക്കേയും പതാരം കൊടുത്തുവന്നു" (വാ. 12). അവൻ തന്റെ മറ്റ് ഗുണങ്ങളും ഒരുപക്ഷേ ഇതിനോടൊപ്പം പറഞ്ഞിരിക്കാം. ആ വാക്കുകൾ തർജ്ജിമ ചെയ്തതിൽ ഉപയോഗിച്ചിരിക്കുന്ന കാലം "പ്രാർത്ഥിച്ചുകൊണ്ടിരുന്നു" എന്നാണ് (വാ. 11). അത് സൂചിപ്പിക്കുന്നത് അവൻ അത്തരത്തിൽ പ്രാർത്ഥിച്ചു കൊണ്ടേയിരുന്നു എന്നാണ് "സുദീർഘമായ പ്രാർത്ഥനകൾ പരീശന്മാർ ഇഷ്ടപ്പെട്ടിരുന്നു" (ലൂക്കൊസ് 20:47).

പരീശന്റെ പ്രാർത്ഥനയിലും യേശുവിന്റെ ശ്രോതാക്കൾക്ക് തെറ്റ് കാണാൻ കഴിഞ്ഞില്ലാ എന്നത് നിങ്ങളെ ആശ്ചര്യപ്പെടുത്തിയെക്കാം. ആദ്യമായി, ഒരുപക്ഷെ അവൻ പറഞ്ഞതെല്ലാം സത്യം ആയിരുന്നേക്കാം. എന്റെ ഒരു സ്നേഹിതൻ തന്റെ നേട്ടങ്ങളെക്കുറിച്ച് പറയുമ്പോൾ അയാൾ പറയും, "പ്രശംസിക്കുകയല്ല വസ്തുതകൾ നിരത്തുകമാത്രമാണ്." രണ്ടാമതായി യഹൂദന്മാരുടെ പ്രാർത്ഥനാ ചടങ്ങുകളിൽ അവർ മറ്റുള്ളവരെപ്പോലെ അല്ലായ്കയാൽ നന്ദി ചെലുത്തിയിരുന്നു. "ദൈവം തന്നെ ഒരു ജാതിയായിട്ടോ, ദാസൻ ആയിട്ടോ, അല്ലെങ്കിൽ സ്ത്രീ ആയിട്ടോ എന്നെ സൃഷ്ടിക്കായ്കയാൽ ഓരോ ദിവസവും നന്ദി പ്രകാശിപ്പിച്ചിരുന്നു."[24]

പരീശന്റെ പ്രാർത്ഥനയിലെ തെറ്റ് എന്താ*യിരുന്നു?* ആ മനുഷ്യന്റെ പ്രാർത്ഥന *പരാജയപ്പെടുവാൻ* ആദ്യം മുതൽ അനവധി തെറ്റുകൾ നമുക്ക് എടുത്തു കാണിപ്പാൻ കഴിയും. അവൻ തന്റെ പാപങ്ങൾക്ക് ദൈവത്തോട് ക്ഷമായാചന ചെയ്തില്ല. അവൻ ദൈവത്തിന്റെ ബലവും നടത്തിപ്പും ആവശ്യപ്പെട്ടില്ല. സാധുവായ ഒരു പാപി ആ മുറിയിൽ മറുവശത്തു നിൽക്കുന്നവനെ സഹായിക്കുന്നതിനു വേണ്ടി അവൻ ദൈവത്തോട് അപേക്ഷിച്ചില്ല, എങ്ങനയായാലും, യേശു, ആ സംഭവത്തിലെ രണ്ട് പ്രത്യേക തെറ്റുകൾ എടുത്തുകാണിക്കുന്നു: അവന്റെ ഉദ്ദേശം (1) "തങ്ങളെത്തന്നെ നീതിമാന്മാരെന്ന് ഉറപ്പിക്കുകയും," (2) "മറ്റുള്ളവരെ കുറവുള്ളവരായി വിവക്ഷിക്കുകയും ചെയ്യുന്നു" (18:9).

ആദ്യം, പരീശൻ "തന്നിൽ തന്നെ ആശ്രയിച്ചു." അവന്റെ പ്രാർത്ഥനയുടെ ആദ്യവാക്കുകളിൽ അവൻ ദൈവത്തെ അംഗീകരിച്ചു എങ്കിലും അവൻ കർത്താവിലുള്ള ആശയം പ്രകടിപ്പിച്ചില്ല – തന്നിൽ മാത്രമാണ് ആശ്രയിച്ചത്. അവൻ തന്നെത്താൻ ഉയർത്തി (വാ.14).

ദൈവേഷ്ടം ചെയ്യുവാനുള്ള താൽപര്യത്തിൽ ഒരു തെറ്റും ഇല്ല (ലൂക്കൊസ് 6:46). ചെറിയ സസ്യങ്ങളിലും പത്തിലൊന്ന് കൊടുക്കുകയും ഉപവസിക്കുകയും ചെയ്യുന്ന പരീശന്റെ ആത്മീയമായ "രണ്ടുമൈൽ നടക്കുവാനുള്ള" ശ്രമത്തിൽ ഒരു തെറ്റുമില്ല[25] (മത്തായി 23:23). എന്നാൽ ദൈവം പ്രവൃത്തികളാൽ തന്നോട് കടപ്പെട്ടിരിക്കുന്നു എന്ന് ഒരാൾ ചിന്തിച്ചാൽ,

അതാണ് തെറ്റ്. മുമ്പിലത്തെ പാഠത്തിൽ നിന്നുള്ള ഈ വാക്യം ഓർമിക്കുക: "അവ്വണ്ണം നിങ്ങളോട് കൽപിച്ചതൊക്കേയും ചെയ്തശേഷം 'ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ' എന്ന് നിങ്ങളും പറവീൻ" (ലൂക്കോസ് 17:10). നാം രക്ഷിക്കപ്പെടണമെങ്കിൽ, നമ്മിൽ ആശ്രയിച്ചാൽ സാധ്യമല്ല; നമ്മുടെ ആശ്രയം കർത്താവിലായിരിക്കണം (സദൃശവാക്യം 3:5).

പരീശന്റെ പ്രാർത്ഥനയിലെ രണ്ടാമത്തെ തെറ്റ് "മറ്റുള്ളവരെ നിന്ദയോടെ കണ്ടിരുന്നു" എന്നതാണ് (ലൂക്കൊസ് 18:9). അവൻ പറഞ്ഞു, "ദൈവമേ, ഞാൻ മറ്റുമനുഷ്യരെപ്പോലെ അല്ലായ്കയാൽ ഞാൻ നിന്നെ വാഴ്ത്തുന്നു" (വാ. 11). ഗ്രീക്ക് ഇന്റർലീനിയർ ബൈബിളിൽ അവൻ അക്ഷരീകമായി പറഞ്ഞു, "ഞാൻ ശേഷം മനുഷ്യരെപ്പോലെ അല്ലായ്കയാൽ ഞാൻ നിന്നെ വാഴ്ത്തുന്നു." മറ്റൊരു വാക്കിൽ പറഞ്ഞാൽ, "ഞാനും എന്റെ സഹ പരീശന്മാരും [അവന്റെ മുകൾ ചുണ്ട് അൽപ്പം ചുളുക്കിയതായി ഞാൻ കാണിക്കും] പിന്നെ 'ശേഷം മനുഷ്യരെ' പോലെ എന്നു പറയും".

മറ്റുള്ളവർക്ക് ഇല്ലാതിരുന്ന ഉയർന്ന ധാർമിക നിലവാരം ആ പരീശന് ഉണ്ടായിരുന്നതായി നാം കണക്കാക്കിയേക്കാം. ന്യായപ്രമാണം ആവശ്യപ്പെടുന്നതെല്ലാം മറ്റുള്ളവരെക്കാൾ കൂടുതൽ നിറവേറ്റാൻ അവൻ വളരെ പരിശ്രമിച്ചിരിക്കും. എങ്കിലും, അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്ന കർത്താവുമായി താരതമ്യം ചെയ്യുമ്പോൾ, അവൻ ഒന്നുമല്ലായിരുന്നു. "നീതിമാൻ ആരുമില്ല, ഒരുത്തൻ പോലുമില്ല" (റോമർ 3:10).

ഒരു ചിത്രീകരണം ഓർമവരുന്നു: ഞങ്ങളുടെ രാജ്യത്ത്, ഉറുമ്പുകളിൽ സാധാരണ കൂടുതലായി കാണപ്പെടുന്നത് ചുവന്ന ഉറുമ്പുകളാണ്. ചില ചുവന്ന ഉറുമ്പുകൾക്ക് ഏതാണ്ട് കാൽ–ഇഞ്ചോളം നീളമുണ്ടാകും.[26] പിന്നെ "പഞ്ചസാര ഉറുമ്പ്," എന്ന് എന്റെ ഭാര്യ വിളിക്കുന്ന ഉറുമ്പുമുണ്ട്, ചെറിയ കറുത്ത ഉറുമ്പുണ്ട്, അതിന് ഒരിഞ്ചിന്റെ എട്ടിലൊരു ഭാഗം വരും. അതു ചിലപ്പോൾ ആഹാരം തേടി വീടു നിറയുന്നത് കാണാം.[27] നടപ്പുവഴിയിൽ കാണുന്ന ചുവന്ന ഉറുമ്പിനേയും പഞ്ചസാര ഉറുമ്പിനേയും മനസിൽ വിചാരിക്കുക. ആ ചുവന്ന ഉറുമ്പ് തന്റെ ആന്റന ഉയർത്തി പറയുന്നതായി ഊഹിക്കാം (ഇതെല്ലാം ധാരാളം സങ്കൽപ്പത്തിൽ എടുക്കേണ്ടതാണ്): "കർത്താവേ, ഞാൻ മറ്റ് ഉറുമ്പുകളെ പ്പോലെ അല്ലായ്കയാൽ ഞാൻ നിന്നെ വാഴ്ത്തുന്നു – ആ ചെറിയ പഞ്ചസാര ഉറുമ്പ് അവിടെ ഉണ്ടെങ്കിലും, ഞാൻ വലുതും ശക്തിയുള്ളതും സൗന്ദര്യമുള്ളതുമായ ഉറുമ്പാകുന്നു." ചുവന്ന ആ ഉറുമ്പ് ആ വാക്കുകൾ പറഞ്ഞ് അവസാനിപ്പിക്കുന്നതിനുമുമ്പ് കൗമാര പ്രായത്തിലുള്ള ആൺകുട്ടി ചാടിച്ചാടി ആ നടപ്പു വഴിയിലൂടെ വന്നു, ചുവന്ന ഉറുമ്പിനേയും പഞ്ചസാര ഉറുമ്പിനേയും ചവിട്ടി അരച്ചുകളഞ്ഞു. എന്റെ ചിത്രീകരണത്തിലെ പോയിന്റ് നിസാരമാണ്: ചുവന്ന ഉറുമ്പ് പഞ്ചസാര ഉറുമ്പിനേക്കാൾ വലുതായിരിക്കാം, എന്നാൽ ഒരു മനുഷ്യനുമായി താരതമ്യം ചെയ്യുമ്പോൾ അതു ചെറുതും പ്രാധാന്യമില്ലാത്തതുമാണ്. അതുപോലെ, ഒരാൾ മതപരമായും ധാർമികമായും ഉയർന്നിരുന്നേക്കാം, എന്നാൽ നാമെല്ലാം, പ്രപഞ്ചത്തിന്റെ ദൈവത്തോട് താരതമ്യം ചെയ്യുമ്പോൾ "നാം ആരും ഒന്നും അല്ല" (ദാനിയേൽ 4:35). അതുകൊണ്ട്, നമ്മിൽ ആരെങ്കിലും "മറ്റുള്ളവരെ നിന്ദയോടെ വീക്ഷിക്കുന്നത്" എത്ര വിഡ്ഢിത്തമാണ്!

**പ്രാർത്ഥന 2: ചുങ്കക്കാരൻ**

പരീശന്റെ അഹങ്കാരവും ചുങ്കക്കാരന്റെ താഴ്മയും തമ്മിലുള്ള വ്യത്യാസത്തെ യേശു എടുത്തു കാണിച്ചിരിക്കുന്നു. തന്റെ അയോഗ്യതയെ മനസിലാക്കിക്കൊണ്ട്, ചുങ്കക്കാരൻ “ദൂരെ മാറിനിന്നു” (ലൂക്കൊസ് 18:13). ഒരു പക്ഷെ അവൻ പ്രാർത്ഥിച്ചിട്ട് ഏറെനാൾ കഴിഞ്ഞിരിക്കാം അവൻ ദേവാലയത്തിലേക്ക് വന്നിട്ടും ഏറെനാൾ കഴിഞ്ഞിരിക്കാം. അവനു “തന്റെ കണ്ണുകൾ സ്വർഗത്തേക്ക് ഉയർത്തുവാൻപോലും കഴിഞ്ഞില്ല” (വാ. 13). ആളുകൾ ചിലപ്പോൾ സ്വർഗത്തേക്ക് നോക്കിയാണ് പ്രാർത്ഥിച്ചിരുന്നത് (സങ്കീർത്തനങ്ങൾ 123:1, 2), എന്നാൽ തന്റെ പാപ ഭാരം നിമിത്തം, ചുങ്കക്കാരൻ തലകുനിച്ച് താഴേക്ക് നോക്കി.[28] അവൻ നെഞ്ചത്തടിക്കുകയും ചെയ്തു (ലൂക്കൊസ് 18:13), അത് പൂർവ്വദിക്കുകാരുടെ തീവ്രദുഃഖത്തെ പ്രകടിപ്പിക്കുന്നതായിരുന്നു (നാഹും 2:7; ലൂക്കൊസ് 23:48).[29] തന്റെ പ്രാർത്ഥന ദൈവം കേൾക്കുമോ എന്ന് പോലും അവൻ സംശയിച്ചിരിക്കാം.

പരീശനെപ്പോലെ, അവൻ ദൈവത്തെ സംബോധന ചെയ്തു കൊണ്ടാണ് തുടങ്ങിയത്, പരീശനെപ്പോലെ, അവന്റെ പ്രാർത്ഥന അവനിൽ കേന്ദ്രീകരിച്ചിരുന്നു – എന്നാൽ ആ പ്രാർത്ഥനകൾ രണ്ടും എത്ര വ്യത്യാസമുള്ളവയായിരുന്നു! ചുങ്കക്കാരന്റെ പ്രാർത്ഥന ഏതാണ്ട് വേദനാ ജനകവും ചെറുതുമായിരുന്നു, ഇംഗ്ലീഷിൽ എട്ടു വാക്കുകൾ മാത്രമാണുള്ളത്:[30] “ദൈവമേ, പാപിയായ എന്നോട്, കരുണ ഉണ്ടാകേണമേ!” (18:13).

പരീശനിൽ നിന്നും വ്യത്യസ്തമായി ചുങ്കക്കാരൻ തന്റെ ഗുണങ്ങൾ ഒന്നും പറയുന്നില്ല, തീർച്ചയായും അവനു ചിലതെങ്കിലും പറയുവാൻ കഴിയുമായിരുന്നു. ഏതാനും പേർ വളരെ മോശമായിരിക്കും. മറിച്ച്, അവൻ സ്വയമായി തന്റെ പാപത്തെ സമ്മതിച്ചു: ഒഴികഴിവില്ലാതെ താൻ പാപിയാണെന്ന് അവൻ ഏറ്റുപറഞ്ഞു.[31] വാസ്തവത്തിൽ ഞാൻ പാപിയാണെന്ന് വെറുതെ സമ്മതിക്കുന്നതിനേക്കാൾ അധികം അവൻ ചെയ്തു. കെജെവിയിൽ “ദൈവമേ പാപിയായ എന്നോട് കരുണ ഉണ്ടാകേണമേ” എന്നാണ്. എന്നാൽ ഗ്രീക്ക് വേദ പുസ്തകത്തിൽ, “പാപി” എന്ന വാക്കിനുമുൻപ് ഡെഫിനിറ്റ് ആർട്ടിക്കിൾ (“ദ”) കാണുന്നുണ്ട്. എൻഎഎസ്സ്ബിയിൽ ഇതാണ് സൂചന: “ദൈവമേ, *ഈ* പാപിയായ എന്നോട്, കരുണ തോന്നേണമേ!” ചുങ്കക്കാരൻ അവനെ പാപത്തിന്റെ മൂർത്തിമദ് ഭാവമായിട്ടും, പാപികളിൽ വെച്ച് ഏറ്റവും വലിയവനായിട്ടുമാണ് പറയുന്നത്. “പാപികളിൽ ഒന്നാമൻ” എന്നു പറഞ്ഞ പൗലോസിനോട് അവന് ബന്ധമുണ്ടെന്ന് തോന്നുന്നു (1 തിമൊഥെയോസ് 1:15).[32]

എല്ലാ മനുഷ്യരും പാപികളാണ് എന്ന വസ്തുതയിൽ അവൻ ആശ്വാസം കണ്ടെത്തിയില്ല (റോമർ 3:23). തനിക്ക് താരതമ്യം ചെയ്യാവുന്ന ഏറ്റവും മോശമായ ഒരു പാപിയെ കണ്ടെത്തുവാൻ അവൻ ശ്രമിച്ചതുമില്ല. അവൻ, (നാം ചെയ്യുവാൻ ഇടയുള്ളതുപോലെ), “ഈ സ്വയം–നീതീകരിക്കുന്ന പരീശനെപ്പോലെ ഞാൻ അല്ലായ്കയാൽ ദൈവത്തെ വാഴ്ത്തുന്നു എന്ന് അവൻ പ്രാർത്ഥിച്ചില്ല.” പരിശുദ്ധനായ ദൈവസന്നിധിയിൽ നിന്നപ്പോൾ, തന്റെ പ്രത്യാശയില്ലായ്മ, നിസ്സഹായത, ഉപേക്ഷകൾ അവന് ബോധ്യമായിരുന്നു. “ഉയർന്നും പൊങ്ങിയുമിരിക്കുന്ന സിംഹാസനത്തിൽ യഹോവ ഇരിക്കുന്നത് കണ്ട” യെശയ്യാ പ്രവാചകൻ ഉറക്കെ നിലവിളിച്ചു പറഞ്ഞു, “എനിക്ക് അയ്യോ കഷ്ടം, ഞാൻ നശിച്ചു! ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ളോരു

മനുഷ്യൻ, ശുദ്ധിയില്ലാത്ത അധരങ്ങളുള്ള ജനത്തിന്റെ നടുവിൽ വന്നിരിക്കുന്നു" (യെശയ്യാവ് 6:1, 5).

ചുങ്കക്കാരൻ ധനമോ, പ്രസിദ്ധിയോ, വിജയമോ, നല്ല ആരോഗ്യമോ, അല്ലെങ്കിൽ ജീവിതത്തിലെ മറ്റ് ആവശ്യങ്ങളോ ചോദിച്ചില്ല. മറിച്ച് അവൻ അപേക്ഷിച്ചത് കരുണയാണ്: "ദൈവമേ, എന്നോട് കരുണയുണ്ടാകേണമേ." "കരുണ" എന്നതിന് സാധാരണ ഗ്രീക്ക് വാക്കല്ല "എന്നോട് കരുണയുണ്ടാകേണമേ എന്ന് തർജ്ജിമ ചെയ്തിരിക്കുന്നത്. പകരം, ചുങ്കക്കാരൻ ഉപയോഗിച്ച വാക്ക് ആധുനിക തർജ്ജിമക്കാർ അവഗണിച്ചിരിക്കുന്നതിന്റെ കാരണം "ബൈബിൾ ഭാഷ ആധുനിക മനുഷ്യന് അജ്ഞാതമാണ്." "പ്രൊപ്പിഷിയേറ്റ്" എന്ന് പലപ്പോഴും തർജ്ജിമചെയ്തിരിക്കുന്നതിന്റെ രൂപ ഭേദമാണ് അവൻ ഉപയോഗിച്ചിരിക്കുന്നത്.[33]

"പ്രോപ്പീഷിയേറ്റ്" എന്ന ലാറ്റിൻ വാക്കിന്റെ അർത്ഥം "പ്രീണിപ്പിക്കുക", എന്നാണ്. വിശദമായ പഠനത്തിന് സമയം അനുവദിക്കുന്നില്ല, എന്നാൽ ബൈബിളിലെ പ്രായശ്ചിത്ത നടപടിയുടെ ആശയം അതിൽ അടങ്ങിയിട്ടുണ്ട്. തന്റെ സ്വഭാവത്താൽ, ദൈവത്തിന് പാപം സഹിക്കുവാൻ കഴിയുകയില്ല. (റോമർ 1:18): പാപത്തെ ശിക്ഷിക്കണം (റോമർ 6:23; ഗലാത്യർ 6:7). മനുഷ്യന്, ദൈവകോപത്തെ ശമിപ്പിക്കുവാൻ ഒന്നും ചെയ്യുവാൻ സാധ്യമല്ല (റോമർ 1:18; 3:9, 10; യെശയ്യാവ് 64:6). പാപത്തിനുള്ള പ്രായശ്ചിത്തമായി ദൈവം യാഗങ്ങൾ അനുവദിച്ചിരുന്നു. പഴയനിയമത്തിൽ മൃഗയാഗങ്ങൾ അർപ്പിച്ചിരുന്നു (ലേവ്യ 1; 3–5; എബ്രായർ 9:22 നോക്കുക). പുതിയ നിയമത്തിൽ, നമ്മുടെ പാപങ്ങൾക്കു വേണ്ടി യേശു അന്തിമവും തികവുള്ളതുമായ യാഗമായി തീർന്നു (1 കൊരിന്ത്യർ 15:3).

തന്റെ മനസിലേക്ക് ആ ചുങ്കക്കാരന്റെ വാക്കുകൾ വന്നിരിക്കാം കാരണം ജനത്തിന്റെ പാപങ്ങൾക്കായി മൃഗയാഗമർപ്പിച്ചിരുന്ന നമയത്തായിരുന്നു അവൻ ദൈവാലയത്തിൽ പ്രാർത്ഥിപ്പാൻ വന്നത്.[34] എങ്ങനെയായാലും, അവൻ ഉപയോഗിച്ച "പ്രായശ്ചിത്തം" എന്ന വാക്ക് അവന്റെ "പാപത്തിന്റെ സങ്കീർണതയേയും"[35] പാപമോചനത്തിന്റെ ആവശ്യകതയേയും അവൻ തിരിച്ചറിഞ്ഞതായി കാണിക്കുന്നു. കുറ്റബോധത്തിന്റെ ഭാരം ഉള്ളിൽ നിറഞ്ഞുകൊണ്ട് (സങ്കീർത്തനങ്ങൾ 40:12 നോക്കുക), അവൻ ആശ്വാസത്തിനായി നിലവിളിച്ചു: "ദൈവമേ, പാപിയായ എന്നോട് കരുണയുണ്ടാകേണമേ!" (ലൂക്കൊസ് 18:13).

നാം ഓരോരുത്തരും പാപം ചെയ്ത് "ദൈവതേജസ്സ് ഇല്ലാത്തവരായി" (റോമർ 3:23). "നാം പാപം ചെയ്തിട്ടില്ലായെന്ന് പറയുന്നു എങ്കിൽ അവനെ അസത്യവാദിയാക്കുന്നു, അവന്റെ വചനം നമ്മിൽ ഇല്ലാതെയായി" (1 യോഹന്നാൻ 1:10). നാം എല്ലാം മരണ യോഗ്യർ – ദൈവവുമായ നിത്യ വേർപാടിനുള്ളവർ ആയിരുന്നു (റോമർ 6:23; വെളിപ്പാട് 20:14). ദൈവത്തിന്റെ പരിശുദ്ധി വലിയ പ്രകാശമായി തുടരുമ്പോൾ നമുക്ക് അവനോട് കരുണക്കായി അപേക്ഷിക്കുവാനേ കഴിയു: "ദൈവമേ, പാപികളായ ഞങ്ങളോട് കരുണയുണ്ടാകേണമേ."

### രണ്ടു സാധ്യതകൾ

യേശു അവസാനിപ്പിച്ചപ്പോൾ അവൻ അധികാരത്തോടെയാണ് സംസാരിച്ചത്: "ഞാൻ നിങ്ങളോട് പറയുന്നു" (ലൂക്കൊസ് 18:14). അതായത്, "മനു

ഷ്യന്റെ ഹൃദയം കാണുവൻ കഴിയുന്നവനായ ഞാൻ നിങ്ങളോട് പറയുന്നു. ദൈവമനസ്സ് അറിയുന്നവനായ ഞാൻ നിങ്ങളോട് പറയുന്നു."

**സാധ്യത 1: പരീശൻ**

സമൂഹത്തിന്റെ കാഴ്ചപ്പാടിൽ പിരീശൻ ശ്രദ്ധിക്കപ്പെടേണ്ടവനായിട്ടാണ് ക്രിസ്തു അവനെ ആദ്യം അവതരിപ്പിച്ചത്, ആ ക്രമം നേരെ തിരിച്ചുകൊണ്ടാണ് അവൻ അവസാനിപ്പിക്കുന്നത്: "അവൻ [ചുങ്കക്കാരൻ] നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്ക് പോയി, മറ്റവൻ അങ്ങനെയല്ല" (വാ. 14). പരീശൻ "മറ്റുള്ളവരെ" നിന്ദിച്ചു കൊണ്ടാണ് സംസാരിച്ചത്, "മറ്റുള്ളവരുടെ" അവസ്ഥയെ തരം താഴ്ത്തുകയും ചെയ്തു. വാക്യം 14 ന്റെ വ്യക്തമായ സൂചന എന്തെന്നാൽ പരീശൻ *നീതീകരിക്കപ്പെടാതെ* "വീട്ടിലേക്കു പോയി" എന്നാണ്.

പരീശൻ ദേവാലയത്തിലേക്ക് വന്നപ്പോൾ ഉണ്ടായിരുന്ന സ്വയ–തൃപ്തി തിരിച്ചു പോയപ്പോഴും ഉണ്ടായിരുന്നേക്കാം. "പ്രാർത്ഥനാരഹിതമായ പ്രാർത്ഥനയാണ്," താൻ നടത്തിയതെന്ന് തിരിച്ചറിഞ്ഞിരിക്കയില്ല. മൈക്കിൾ വിൽകോക്ക് ആ പ്രാർത്ഥനയെക്കുറിച്ച് ഇങ്ങനെ പറഞ്ഞു, "സ്വയം–അനുമോദിക്കുന്ന ഒന്നായിരുന്നു" അതുകൊണ്ട് അത് "തറയിൽനിന്ന് ഉയരാതേയും ദൈവം കേൾക്കാതെയും ഇരുന്നു."[36] റിച്ചാർഡ് ട്രെഞ്ച് എഴുതി, ധൂപവർഗം പോലെ ഉയരുന്നതിനു പകരം പരീശന്റെ പ്രാർത്ഥന "ഊതിയ പുക തിരിച്ച് കണ്ണിലേക്കു വരുന്നത് പോലെയായി.[37]

ദൈവത്തിന് കൊടുക്കുവാൻ സ്ഥലം ഇല്ലാത്തവിധം അവന്റെ ഉള്ളിൽ സ്വാർത്ഥത നിറഞ്ഞിരുന്നു ആർ. സി. എച്ച്. ലൻസ്കി പറഞ്ഞതു പോലെ, "നിറഞ്ഞ പാത്രത്തിലേക്ക് എന്തെങ്കിലും ഒഴിപ്പാൻ കർത്താവിന് കഴികയില്ല[38] പരീശൻ അവസാനം തന്റെ സൃഷ്ടികർത്താവിന്റെ മുമ്പിൽ നിൽക്കുമ്പോൾ തന്നെത്താൻ ഉയർത്തുന്നവനെല്ലാം താഴ്ത്തപ്പെടും" എന്ന് കേൾക്കുമ്പോൾ അവന് ഞെട്ടലുണ്ടാകും (വാ. 14)!

**സാധ്യത 2: ചുങ്കക്കാരൻ**

"ദൈവമേ, പാപിയായ എന്നോട് കരുണയുണ്ടാകേണമേ!" എന്ന് പ്രാർത്ഥിച്ച ചുങ്കക്കാരന് എന്തു സംഭവിച്ചു? "അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി." (വാ. 14). അവന്റെ അകൃത്യങ്ങൾ മാച്ചുകളഞ്ഞ്; അവന്റെ പാപങ്ങളെല്ലാം കഴുകപ്പെട്ടു; പാപങ്ങളിൽ നിന്ന് അവനെ ശുദ്ധീകരിച്ചു; (സങ്കീർത്തനങ്ങൾ 51:1, 2). "കിഴക്ക് പടിഞ്ഞാറിൽനിന്ന് അകന്നിരിക്കുന്നത് പോലെ," അവന്റെ അകൃത്യങ്ങൾ അവനിൽനിന്ന് നീക്കിക്കളഞ്ഞു (സങ്കീർത്തനങ്ങൾ 103:12). "പരീശൻ നല്ല തോന്നലോടും, നിറഞ്ഞ അഹങ്കാരത്തോടും കൂടെ മടങ്ങിപ്പോയി. എന്നാൽ ചുങ്കക്കാരനോ നല്ല വികാരത്തോടും, നിറഞ്ഞസമാധാനത്തോടും കൂടെ മടങ്ങിപ്പോയി."[39]

ജി. ക്യാമ്പൽ മോർഗൻ പറഞ്ഞു, "ആ മനുഷ്യൻ പിറ്റേദിവസവും ദൈവാലയത്തിലേക്കു വന്നു എന്ന് ഞാൻ കരുതുന്നു, എന്നാൽ അതു പോലെയല്ല വന്നത്."[40] അവനാദ്യം വന്നത് പാപ–ഭാരത്തോട് കൂടെയായിരുന്നു. രണ്ടാം പ്രാവശ്യം ഉയർന്ന പാപമോചന ബോധത്തോടും നന്ദിയോടും കൂടെയാണ്. തന്നെത്താൻ താഴ്ത്തുന്നവനെല്ലാം ഉയർത്തപ്പെടും (ലൂക്കൊസ് 18:14).

**ഉപസംഹാരം**

ഏതാനും ചോദ്യങ്ങൾക്കുള്ള സമയമായി – ആ ചോദ്യങ്ങൾ നിങ്ങൾക്കു വേണ്ടി എനിക്കോ എനിക്കുവേണ്ടി നിങ്ങൾക്കോ ഉത്തരം നൽകുവാൻ സാധ്യമല്ല:

- ആ സംഭവം രണ്ടു വ്യക്തിത്വങ്ങളെ എടുത്തു കാണിക്കുന്നു. അതിൽ ഏതിനെയാണ് നിങ്ങൾ പ്രതിനിധീകരിക്കുന്നത്? തങ്ങൾക്കു രക്ഷ ആവശ്യമില്ല എന്ന് കരുതുന്നവരെ രക്ഷിപ്പാൻ കർത്താവിന് സാദ്ധ്യമല്ല.
- ആ സംഭവം രണ്ടു പ്രാർത്ഥനകളെ പറയുന്നു. അതിൽ ഏതു തരം പ്രാർത്ഥനയാണ് നിങ്ങളുടേത്?
- ആ സംഭവം രണ്ടു സാദ്ധ്യതകൾ നൽകുന്നു: ഉയർത്തപ്പെടൽ അല്ലെങ്കിൽ താഴ്ത്തപ്പെടൽ. ചോദിക്കുക, "ഇപ്പോഴത്തെ അവ സ്ഥയിൽ ഞാൻ ദൈവമുമ്പാകെ നില്ക്കുകയാണെങ്കിൽ ഇതിൽ ഏതായിരിക്കും എന്റെ അവസ്ഥ?"

ക്ലോവിസ് ജി ചാപ്പൽ ഡോ. മെക്കലിയറിന്റെ സംഭവം പറയുകയുണ്ടായി[41] നാല്പത് വർഷത്തോളം ആ ഡോക്ടർ രോഗികളെ നിസ്വാർത്ഥമായി ശുശ്രു ഷിച്ചിരുന്നു. ഒടുവിൽ, അയാൾ, ക്ഷീണിതനായി തന്റെ ജീവിതാവസാന യാത്രയിലെത്തി. അയാൾ തന്റെ അമ്മയുടെ ബൈബിൾ വായിച്ച് കേൾക്കു വാൻ ആഗ്രഹിച്ചു തന്റെ ഒരു പഴയ സ്നേഹിതനെ ആളയച്ചു വിളിച്ചു. ആ സ്നേഹിതൻ, പലർക്കും ആശ്വാസമേകിയ യോഹന്നാൻ 14 വായിക്കുവാൻ തുടങ്ങി, എന്നാൽ ഡോക്ടർ അയാളോട് നിർത്തുവാൻ പറഞ്ഞു "അതല്ല എനിക്ക് ഇഷ്ടമുള്ളത്," അയാൾ പറഞ്ഞു "അത് എനിക്കു വളരെ നല്ല താണ് പുസ്തകം പിടിച്ച് കൊണ്ട് ആ വേദഭാഗം തുറന്ന് കഴിഞ്ഞ ഒരു മാസം ഓരോ രാത്രിയും ഞാൻ വായിച്ചതാണ്." ആ സ്നേഹിതൻ നിർദ്ദേ ശിച്ചതുപോലെ, ബൈബിളിലെ ലുക്കൊസ് 18:13: "ചുങ്കക്കാരനോ ദൂരത്തു നിന്നു കൊണ്ടു സ്വർഗ്ഗത്തേക്കു നോക്കുവാൻ പോലും തുനിയാതെ മാറ ത്തടിച്ചു: 'ദൈവമേ, പാപിയായ എന്നോട് കരുണയുണ്ടാകേണമേ എന്നു പറഞ്ഞു' "! ഡോക്ടർ പറഞ്ഞു, "അതെനിക്കുവേണ്ടി ആയിരിക്കാം എഴു തിയിരിക്കുന്നത്. അല്ലെങ്കിൽ മറ്റേതെങ്കിലും പാപി അവന്റെ ജീവിതത്തിൽ നല്ല വാക്കൊന്നും പറയാൻ പറ്റാത്ത അവസ്ഥയിൽ എത്തിയിരിക്കും." ലൂക്കൊസ് 18:13 എഴുതിയിരിക്കുന്നത് ഡോ.മെക്കലിറിനുമാത്രമല്ല; അത് നിങ്ങൾക്കും എനിക്കും വേണ്ടിയാണ് എഴുതിയിരിക്കുന്നത്.

ദൈവത്തിന്റെ കരുണ ആവശ്യമില്ലാത്ത നല്ലവൻ ആരുമില്ല, ദൈവ ത്തിന്റെ കരുണക്കപ്പുറമായി മോശമായിരിക്കുന്ന ആരുമില്ല. കർത്താവിന്റെ ക്ഷമയോട് നിങ്ങൾ പ്രതികരിക്കുകയാണെങ്കിൽ[42] അവന്റെ കരുണയിലേക്ക് നിങ്ങളെത്തന്നെ ഏൽപ്പിക്കുക: "ദൈവമേ, പാപിയായ, എന്നോട് കരുണ തോന്നേണമേ!"

**പ്രസംഗക്കുറിപ്പുകൾ**

നിങ്ങൾക്ക് വേണമെങ്കിൽ ഈ പ്രസംഗത്തെ "പരീശന്റേയും ചുങ്കംപിരി ക്കുന്നവന്റെയും ഉപമ," എന്നോ അല്ലെങ്കിൽ ഏറ്റവും സുപരിചിതമായ "ചുങ്ക

ക്കാരന്റേയും പരീശന്റേയും ഉപമ" എന്നോ വിളിക്കാം. ക്ലോവീസ് ജി. ചാപ്പൽ ഈ വേദഭാഗത്തിലെ പ്രസംഗത്തെ വിളിച്ചിരിക്കുന്നത് "സർവ്വ ലൗകീക പ്രാർത്ഥന" എന്നാണ്. (*അത് ഉപമകളിൽ നിന്നുള്ള പ്രസംഗത്തിൽനിന്നാണ്.)*

---

കുറിപ്പുകൾ

[1]വർഷങ്ങളോളം ഇത് അറിയപ്പെട്ടിരുന്നത് "പിരീശന്റേയും ചുങ്കക്കാരന്റെയും ഉപമ എന്നാണ്" കെജെവിയിൽ. കാരണം "ചുങ്കം പിരിക്കുന്നവൻ" എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ പ്രസംഗത്തിൽ, "പബ്ലിക്കൻ" എന്നും "ടാക്സ് കളക്റ്റർ" എന്നും മാറി മാറി ഉപയോഗിച്ചിരിക്കുന്നു. [2]ലൂക്കൊസ് 18:14ൽ ആ സത്യം ഊന്നിപ്പറയുവാൻ യേശു ആഗ്രഹിച്ചു (ലൂക്കൊസ് 14:11; മത്തായി 23:12). [3]ഞാൻ താമസിക്കുന്ന സ്ഥലത്ത് നടപ്പുള്ളതാണ് ഈ ചിത്രീകരണം: "സാമൂഹ്യ കോണി." നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് ആ പ്രയോഗം ഇല്ലെങ്കിൽ പോലും, ഉയർന്ന സ്ഥാനത്തേക്ക് കയറുന്ന ആശയം വ്യക്തമാക്കാം. [4]ദേവാലയത്തിന് അടുത്ത് താമസിക്കുന്ന ഭക്തിയുള്ള യഹുദന്മാർ അവിടെ പ്രാർത്ഥിപ്പാൻ പോയി; ദൂരെ പാർത്തിരുന്നവർ ദേവാലയ ദിശ നോക്കി പ്രാർത്ഥിക്കുമായിരുന്നു. [5]നിശ്ചിത സമയത്തിന് പുറമേ യഹൂദന്മാർ മറ്റ് സമയങ്ങളിലും പ്രാർത്ഥിക്കുമായിരുന്നു. ദിവസം നാലു പ്രാവശ്യം പ്രാർത്ഥിച്ചിരുന്നതായി ചില എഴുത്തുകാർ പറയുന്നു. [6]*ക്രിസ്തുവിന്റെ ജീവിതം,*1ൽ ദൈവാലയത്തിന്റെ ചിത്രം നോക്കുക. [7]പരീശന്മാരെക്കുറിച്ച് പൊതുവിലുള്ള ചർച്ചക്ക്, *ക്രിസ്തുവിന്റെ ജീവിതം,* 1 ലെ "ക്രിസ്തു വന്നതായ ലോകം" എന്ന പാഠം നോക്കുക. ആ പാഠത്തിൽ വേറയും അനുബന്ധ വാക്യങ്ങൾ കൊടുത്തിട്ടുണ്ട്. [8]ചിലർ വിചാരിക്കുന്നത് സുവിശേഷ വിവരണങ്ങളിൽ പരിശുദ്ധാത്മാവ് പരീശന്മാരുടെ ക്രൂരസ്വഭാവത്തെ എഴുതിയിരിക്കുന്നതിന്റെ കാരണം, ആ വിവരണങ്ങൾ എഴുതിയ സമയത്ത് (സി. എ. ഡി. 60–65), സഭയെ മുഖ്യമായും എതിർത്തിരുന്നത് പരീശന്മാരായിരുന്നു – അകത്തും (പ്രവൃത്തികൾ 15:5 നോക്കുക) പുറത്തും (പ്രവൃത്തികൾ 23:6). [9]എല്ലാ പരീശന്മാരും അങ്ങനെ അല്ല (മത്തായി 23:14 നോക്കുക), ഒരുപക്ഷെ ഈ പരീശൻ അങ്ങനെ ആയിരിക്കാം. [10]യേശുവല്ലാതെ ആരും പൂർണ്ണമായി ന്യായപ്രമാണം പാലിച്ചിട്ടില്ല, എന്നാൽ, പരീശന്മാരുടെ രീതിയിൽ, അവർ ശ്രമിച്ചിരുന്നു, സ്പഷ്ടമായും, തങ്ങൾ ന്യായപ്രമാണം മുഴുവൻ പ്രമാണിക്കുന്നവരാണെന്ന് ചിലർ ധരിച്ചിരുന്നു.

[11]പ്രായശ്ചിത്ത ദിവസം തങ്ങളെത്തന്നെ "ദണ്ഡിപ്പിക്കണം" എന്ന് നിർദ്ദേശിച്ചിരുന്നു. യെഹൂദന്മാർ ഇതു ചെയ്തിരുന്നത് ആഹാരം കഴിക്കാതെ (ഉപവാസം) പോയിക്കൊണ്ടായിരുന്നു. ഇതിനു പുറമെ ദൈവം – നിശ്ചയിച്ച ദിവസം, യേശുവിന്റെ സമയത്ത്, യെഹൂദന്മാർ നാല് ദേശിയ ഉപവാസവും കൂട്ടിച്ചേർത്തിരുന്നു. [12]ദൈവശ്വാസിയമല്ലാത്ത പാരമ്പര്യമനുസരിച്ച്, മോശെ ഒരു തിങ്കളാഴ്ച്ച സിനായ് പർവ്വതത്തിലേക്ക് കയറിപോകയും, ഒരു വ്യാഴാഴ്ച്ച ഇറങ്ങി വരികയും ചെയ്തു. [13]ആസ്ട്രേലിയയിൽ ഒരു "പബ്ലിക്കൻ" എന്നു പറഞ്ഞാൽ പബ് നടത്തുന്നവൻ എന്നാണ് (ബാർ/ഹോട്ടൽ). ഞാൻ ആസ്ട്രേലിയയിലായിരുന്നപ്പോൾ, ഒരു ഞായറാഴ്ച്ച ഞാൻ ബൈബിളിലെ, പബ്ലിക്കൻ എന്ന വാക്ക് ചർച്ച ചെയ്തപ്പോൾ ഒരാൾക്ക് വിഷമമുണ്ടായി. കാരണം അവരുടെ ഭർത്താവ് ഒരു പബ് നടത്തുന്ന ആളായിരുന്നു. [14]അമേരിക്കൻ ഗവൺമെന്റ് വരുമാനനികുതി ശേഖരിക്കുവാൻ നിയോഗിച്ചിരിക്കുന്ന ഏജന്റാണ് "ഐറിസ്" അഥാവാ "ഇന്റർനാഷ്ണൽ റെവന്യു സെർവീസ്." [15]വില്യം ബാർക്ലേ, *ആന്റ് ജീസസ് സെഡ്* (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1970), 101. [16]നെയിൽ ആർ. ലൈറ്റ്ഫുട്, *ദ പാരബിൾസ് ഓഫ് ജീസസ്,* പാർട്ട് 2 (ഓസ്റ്റിൻ. ടെക്സ്:ആർ. ബി. സ്വീറ്റ് കമ്പനി., 1965), 46. [17]അതായത്, ശത്രുക്കൾക്ക് വില്ക്ക

പ്പെട്ടവൻ (റോമൻ ഗവൺമെന്റ്). [18]യേശു "ചുങ്കക്കാരുടേയും പാപികളുടേയും സ്നേഹിതൻ" ആയതുകൊണ്ടാണ് ആളുകൾ അമ്പരന്നു പോയത് (മത്തായി 11:19; കെജെവി). [19]ലൈറ്റ്ഫുട്, 46. [20]ഈ വാചകം എടുത്തത് ക്ലോവിസ് ജി. ചാപ്പലിന്റെ, *ഉപമകളിൽനിന്നുള്ള പ്രസംഗങ്ങളിൽ* നിന്നാണ് (ന്യൂയോർക്ക്:അബിങ്ടൻ–കോഗ്സിബെറി പ്രസ്, 1933), 106.

[21]മത്തായി 6:7 ജാതികളെ കുറിച്ചാണ് പറയുന്നത്, എന്നാൽ, ഈ കാര്യത്തിൽ ജാതികളെ അനുകരിച്ചിരുന്ന പരീശന്മാരെ കുറിച്ചാണ് പറയുന്നതെന്ന് ചിലർ കരുതുന്നു (ലൂക്കൊസ് 20:47). [22]അല്പം ഹാസ്യം ഉചിതമാണെങ്കിൽ, നിങ്ങൾക്ക് വേണമെങ്കിൽ, "താൻ ആരെക്കുറിച്ചാണ് സംസാരിക്കുന്നതെന്ന്, ദൈവത്തിനു നന്നായി അറിയാം" എന്നു പറയാം. [23]ഗ്ലെൻ പെയിസ്, "ദ യൂണിവേഴ്സൽ പ്രെയർ," സെർമൺ പ്രീച്ച്ഡ് അറ്റ് ദ ജുഡ്സോനിയ ചർച്ച് ഓഫ് ക്രൈസ്റ്റ്, ജുഡ്സോനിയ, അർക്കൻസാസ്, 2000. [24]ജെഫ്റി ഡബ്ലിയു. ബ്രോമിലേ, ജെന. എഡി., "വുമൺ" *ദ ഇന്റർനാഷ്ണൽ ബൈബിൾ എൻസൈക്ലോപീഡിയ,* റെവ. (ഗ്രാന്റ് റാപിഡ്സ്, മൈക്.:ഡബ്ലിയു. എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി.,1988), 4:1093–94. [25]"രണ്ടു മൈൽ" എന്നതു മത്തായി 5:41–ൽ നിന്ന് എടുത്തതാണ്. [26]മൂട്ടകളെ നിർമ്മാർജ്ജനം ചെയ്യുന്ന ഒരാൾ പറഞ്ഞത് ഒരു തരത്തിലുള്ള ചുവന്ന ഉറുമ്പിന് ഒരു ഇഞ്ചോളം നീളം വരും എന്നാണ്. പക്ഷെ ഞാൻ പറഞ്ഞത് എന്റെ ബാല്യത്തിൽ ഞാൻ കണ്ടിട്ടുള്ള ചുവന്ന ഉറുമ്പിന്റെ കാര്യമാണ്. [27]ഇതു. ഞാൻ താമസിക്കുന്ന സ്ഥലത്തുണ്ടായിരുന്ന ഉറുമ്പുകളുടെ അശാസ്ത്രീയ വിവരണമാണ്. (മൂട്ടയെ നിർമ്മാർജ്ജനം ചെയ്ത ആൾ പറഞ്ഞത്, ചെറിയ കറുത്ത ഉരുമ്പുകൾ "ഒഡീഫെറസ്" ആണെന്നാണ്, എന്നാൽ ആ വാക്ക് വായിൽ ഒതുങ്ങാത്തതാണ്.) ഈ ചിത്രീകരണം നിങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ, നിങ്ങളുടെ ശ്രോതാക്കൾക്ക് പരിചയമുള്ളത് ഉപയോഗിക്കുക. [28]ഞാൻ താമസിക്കുന്ന പ്രദേശത്ത് പരസ്യാരാധനക്ക് തല കുനിച്ച് കണ്ണടച്ചു പ്രാർത്ഥിക്കുന്നതാണ് പതിവ്. ലൂക്കൊസ് 18 ലെ ചുങ്കക്കാരന്റെ മാതൃകയിൽനിന്നു വന്നതാകാം ഇത്. കണ്ണുകൾ തുറന്നു പ്രാർത്ഥിക്കുന്നതും വചനാനുസരണം തന്നെയാണ്. ഞാൻ പലപ്പോഴും കണ്ണു തുറന്നു പ്രാർത്ഥിച്ചിട്ടുണ്ട് (പ്രത്യേകിച്ച് തിരക്കുപിടിച്ച ഹൈവേയിൽ); എന്നാൽ തല കുനിക്കുന്നതു താഴ്മയെ കാണിക്കുകയും, കണ്ണുകളടക്കുന്നത് മറ്റു ശ്രദ്ധ വരാതിരിക്കുന്നതിനു സഹായിക്കുകയും ചെയ്യുന്നു. [29]അതു "ദൈവത്തിന്റെ ശിക്ഷയെ ഓർപ്പിക്കുന്നതാണ്, അതിനു അവൻ യോഗ്യനുമാണ്," എന്നാണ് ജെ. ഡബ്ലിയു. മെക്ഗാർവേ പറഞ്ഞത് (ജെ. ഡബ്ലിയു. മെക്ഗാർവേ ആന്റ് ഫിലിപ് വൈ. പെൻലറ്റൺ, *ദ ഫോർഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* [സിൻസിനാറ്റി; സ്റ്റാൻഡേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914], 537). ഇതു ഒരുപക്ഷെ ഒരു ആലങ്കാരിക പ്രവൃത്തി ആയിരിക്കാം. അല്ലാതെ വാസ്തവത്തിലുള്ള മുറിവുകൾ ആയിരിക്കയില്ല. ഈ ഉദാഹരണം സ്വയം – അംഗഭംഗം വരുത്തുന്ന മതപരമായ ചടങ്ങുകളെയല്ല സൂചിപ്പിക്കുന്നത്. ശരീരം ദൈവത്തിന്റെ മന്ദിരം ആയതുകൊണ്ട് (1 കൊരിന്ത്യർ 6:19) അതിനെ ദുരുപയോഗം ചെയ്യരുത്. [30]ഗ്രീക്കിൽ അഞ്ചു വാക്കുകളുള്ളതായിരുന്നു ആ പ്രാർത്ഥന.

[31]"പാപങ്ങൾ ഏറ്റുപറയുവാനും" പ്രാർത്ഥിപ്പാൻ ആവശ്യപ്പെടുവാനും മുന്നോട്ടു വന്ന ഒരു സ്ത്രീയെ കുറിച്ച് ഗ്ലെൻ പെയിസ് പറയുകയുണ്ടായി. അവൾ മുന്നോട്ട് വരുവാനുള്ള കാരണം "എല്ലാം അവളുടെ തെറ്റാണ്" എന്ന് എല്ലാവരും കേൾക്കെ സദസിലെ ഒരു സ്ത്രീയെ ചൂണ്ടിക്കാണിച്ചു പറഞ്ഞു. [32]1 തിമൊഥെയൊസ് 1:15 കെജെവിയിൽ പാപികളിൽ "ഒന്നാമൻ" എന്നാണ്. [33]എന്റെ കൈവശമുള്ള എൻഎഎസ്സ് ബിയിലെ വാക്യത്തിൽ "ഓർ, *പ്രൊപ്പിഷ്യസ്* എന്നാണ്." [34]ആളുകൾ സാധാരണ പ്രാർത്ഥിപ്പാൻ പോയിരുന്ന സ്ഥലത്തെക്കുറിച്ചുള്ള വിവരണത്തിന് ഈ പാഠത്തിൽ മുമ്പ് ചർച്ച ചെയ്തത് നോക്കുക. [35]റോമർ 7:13 നോക്കുക; കെജെവി. [36]മമൈക്കിൾ വിൽകോക്ക്, *ദ മെസേജ്*

*ഓഫ് ലൂക്ക്: ദ സേവ്യർ ഓഫ് ദ വേൾഡ്,* ദ ബൈബിൾ സ്പീക്ക് റ്റുഡേ സീരീസ് (ഡൗണേഴ്സ് ഗ്രോ, Ill.: ഇന്റർ വാഴ്സിറ്റി പ്രസ്സ്, 1979), 165. [37]റിച്ചാർഡ് സി. ട്രഞ്ച്, *നോട്ട്സ് ഓൺ ദ പാരബിൾസ് ഓഫ് അവർ ലോഡ്* (വെസ്റ്റ് വുഡ്, എൻ. ജെ.: ഫ്ളെമിങ് എച്ച്. റെവൽ കമ്പനി., 1953), 503. [38]ആർ. സി. എച്ച്. ലെൻസ്കീ, *ദ ഇന്റർപ്രട്ടേഷൻ ഓഫ് സെന്റ് ലൂക്സ് ഗോസ്പൽ* (മന്നെപ്പൊലീസ്: ആർട്ട്സ്ബെർഗ് പബ്ലിഷിങ് ഹൗസ്, 1946), 906. [39]പെയ്സ്. [40]ജി. ക്യാമ്പൽ മോർഗൻ, *ദ പാരബിൾസ് ആൻറ് മെറ്റാഫേഴ്സ് ഓഫ് അവർ ലോഡ്* (വെസ്റ്റ് വുഡ്. എൻ. ജെ.: ഫ്ലെമിങ് എച്ച് റെവൽ കമ്പനി., 1942), 242.

[41]മൂല സംഭവം *ബിസൈഡ് ദ ബോണി ബ്രെയർ ബുഷ്* എന്ന പുസ്തകത്തിലേതാണ്. ചാപ്പലിന്റെ വെർഷൻ *സെർമൺസ് ഫ്രം ദ പാരബിൾസ്,* 113–14. [42]അ – ക്രൈസ്തവരിൽനിന്ന് ദൈവം ആവശ്യപ്പെടുന്നതും (മർക്കൊസ് 16:15, 16) തെറ്റിപ്പോയ ക്രിസ്ത്യാനികളിൽനിന്നും ആവശ്യപ്പെടുന്നതും (പ്രവൃത്തികൾ 8:22) നിങ്ങളുടെ ശ്രോതാക്കളോട് പറയാം.